(ജി) യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് സൈറ്റിൽ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുത്തുന്നതിന് സർക്കാർതലത്തിൽ എന്തെല്ലാം പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നതിന്റെ വിശദാംശം നല്കുമോ ;

(എച്ച്) പുരാവസ്തു പ്രാധാന്യമുള്ളതും ചരിത്ര സ്മാരകങ്ങളായി സംരക്ഷിക്കപ്പെടുന്നതുമായ തമിഴ്നാട്ടിലുൾപ്പെട്ട കേരളത്തിന്റെ പ്രദേശങ്ങളിൽ തമിഴ്നാട് സർക്കാർ വകുപ്പുകൾ ഏതൊക്കെ പ്രദേശങ്ങളാണ് കയ്യേറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഇവ തിരികെ ലഭിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഐ) പ്രസ്തുത പ്രദേശങ്ങളിൽ സ്വകാര്യവ്യക്തികൾ നടത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവരെ ഒഴിപ്പിച്ച് സംരക്ഷണമുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തമിഴ്നാട്ടിൽ കന്യാകുമാരി ജില്ലയിലെ തക്കലയിലുള്ള പത്മനാഭപുരം കൊട്ടാരം.

(ബി) യഥാസമയം അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(സി) 2.510 ഹെക്ടർ സ്ഥലത്ത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട് സംസ്ഥാനത്തിലായതിനാൽ ഇവിടത്തെ ഹെറിട്ടേജ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിന്റെ സംരക്ഷണ നടപടികൾ കേന്ദ്രപുരാവസ്തു വകുപ്പിൽനിന്നും സ്വീകരിക്കുന്നതായി അറിയുന്നു.

(ഇ) പത്മനാഭപുരം കൊട്ടാര സമുച്ചയങ്ങളും അനുബന്ധമായുള്ള പുരാവസ്തു വകുപ്പ് മ്യൂസിയവും.

(എഫ്) ഒരുവർഷം ശരാശരി 15 ലക്ഷം രൂപ ചെലവിടുന്നു. 35 ലക്ഷം രൂപയാണ് കഴിഞ്ഞ വർഷത്തെ വാർഷികവരുമാനം.

(ജി) കേന്ദ്രസർക്കാർ മുഖേന യുനെസ്കോയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(എച്ച്&ഐ) സ്വകാര്യ വ്യക്തികൾ നടത്തിയിട്ടുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ഹെറിറ്റേജ് സൈറ്റുകളായി സംരക്ഷിക്കുന്ന ചരിത്ര സ്മാരകങ്ങൾ

105 (2383) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഹെറിറ്റേജ് സൈറ്റുകളായി നിർണ്ണയിച്ച് സംരക്ഷണം നല്കിവരുന്ന ചരിത്രസ്മാരകങ്ങൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) യുനെസ്കോയുടെ വേൾഡ് ഹെറിട്ടേജ് സൈറ്റുകളിൽ സ്ഥാനം നേടിയ എത്ര സ്മാരകങ്ങളാണ് ഇപ്പോൾ കേരളത്തിലുള്ളത് ; ഇല്ലെങ്കിൽ ഏതെങ്കിലും ചരിത്ര സ്മാരകങ്ങൾക്ക് വേൾഡ് ഹെറിറ്റേജ് സൈറ്റിൽ സ്ഥാനം നല്കുന്നതിനായി സർക്കാർ തലത്തിൽ എന്തെങ്കിലും പരിശ്രമം നടത്തിയിട്ടുണ്ടോ ;

(സി) പാലക്കാട് കോട്ടയും കോട്ടമൈതാനവും ഹെറിറ്റേജ് സൈറ്റുകളുടെ ലിസ്റ്റിൽ ചേർത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) നൂറ്റാണ്ടുകളുടെ ചരിത്രമുള്ള ഈ സ്മാരകം വേണ്ട വണ്ണം സംരക്ഷിക്കാൻ ഇപ്പോൾ എന്തെല്ലാം സംരക്ഷണ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരത്തെ പദ്മനാഭസ്വാമി ക്ഷേത്ര കോട്ടയും അനുബന്ധ കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) കേന്ദ്ര ആർക്കിയോളജിക്കൽ സർവ്വേ പോലുള്ള സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായം ഈ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്നുണ്ടോ ; എങ്കിൽ എന്ത് തുകയുടെ സഹായം ഇപ്പോൾ ലഭിച്ചിട്ടുണ്ട് ;

(ജി) സംസ്ഥാനത്തെ ഹെറിറ്റേജ് സൈറ്റുകളുടെ നിർണ്ണയം സർക്കാർ തലത്തിൽ എന്നാണ് നടത്തിയത് ; ഇതുസംബന്ധിച്ച പഠന റിപ്പോർട്ടിന്റെ ഒരു പ്രതി ലഭ്യമാക്കുമോ ?

ഉത്തരം

(എ) താഴെ വിവരിക്കുന്ന ഏഴ് പ്രദേശങ്ങളാണ് ഹെറിറ്റേജ് സൈറ്റുകളായി കണ്ടെത്തിയിട്ടുള്ളത് :

1.	കോട്ടപ്രദേശവും പരിസരവും	-	തിരുവനന്തപുരം
2.	കരമന അഗ്രഹാര പ്രദേശം	-	തിരുവനന്തപുരം
3.	താഴത്തങ്ങാടി പ്രദേശം	-	കോട്ടയം
4.	കനാൽ പ്രദേശവും പരിസരവും	-	ആലപ്പുഴ
5.	പാലസ് ഏരിയയും പരിസരവും	-	തൃപ്പൂണിത്തുറ
6.	ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി	-	കൊച്ചി
7.	കല്പാത്തി അഗ്രഹാരം	-	പാലക്കാട്

ഇതിൽ തിരുവനന്തപുരം കോട്ടപ്രദേശവും പരിസരവും തൃപ്പൂണിത്തുറ പാലസ് ഏരിയയും വകുപ്പിന്റെ സംരക്ഷണ സ്മാരകങ്ങളാണ്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) പാലക്കാട് കോട്ടയും കോട്ടമൈതാനവും കേന്ദ്ര പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.

(ഇ) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ധനസഹായത്താൽ "കൺസർവേഷൻ ഓഫ് ഹോർട്ട് ഏരിയ ആന്റ് ഇറ്റ്സ് എൻവയോൺസ്-തിരുവനന്തപുരം" എന്ന പ്രോജക്ട് പ്രകാരം കോട്ടയുടെയും കോട്ടമതിലുകളുടെയും ഏഴ് കോട്ടവാതിലുകളുടെയും പണികൾ പൂർത്തിയാവുകയും കോട്ടയോട് ചേർന്ന് നടപ്പാത നിർമ്മിക്കുകയും കോട്ടയ്ക്കകത്തുള്ള 22 കൊട്ടാരക്കെട്ടുകൾ സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷണാർത്ഥം അവയുടെ ഡോക്കുമെന്റേഷൻ പണികളും പൂർത്തിയായിവരുന്നു.

(എഫ്) ഇല്ല.

(ജി) പഠനം പുരോഗതിയിലാണ്.

കുത്തനൂർ പഞ്ചായത്തിലെ മുനിയറകൾ

106 (2384) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിലെ കുത്തനൂർ പഞ്ചായത്തിൽ മുനിയറകൾ കണ്ടെത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുരാവസ്തുവകുപ്പിന്റെ കീഴിൽ ഇവയെ സംരക്ഷിക്കുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ഉൾനാടൻ മത്സ്യഉല്പാദനം വർദ്ധിപ്പിക്കുവാൻ പദ്ധതി

107 (2386) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യഉല്പാദന സാദ്ധ്യത എത്രകണ്ട് പ്രയോജനപ്പെടുത്താൻ സാധിച്ചു എന്നതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഉൾനാടൻ മത്സ്യ സമ്പത്തിന്റെ എത്ര ശതമാനം ചൂഷണം ചെയ്യാനായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഉൾനാടൻ മത്സ്യമേഖലയിലെ വ്യാവസായിക പ്രാധാന്യമേറിയ മത്സ്യഇനങ്ങൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly